

# ഭാരതസുവിശേഷീകരണം എന്ന മഹാദൗത്യം

ഡോ. മാത്യു ഫിന്നി

നമ്മുടെ മാതൃഭൂമിയായ ഭാരതത്തിലെ നൂറുകോടിയിലധികം ജനങ്ങളെ യേശു സ്നേഹിക്കുന്നു എന്ന സദ്വർത്തമാനം നാലുലക്ഷത്തിലധികം ഗ്രാമങ്ങളിലായി പാർക്കുന്ന ജനങ്ങൾ ഇനിയും അറിഞ്ഞിട്ടില്ല. യേശുക്രിസ്തു എന്ന പേര് അവർ കേട്ടിട്ടുപോലുമില്ല. കേരളക്കരയിൽ ഏകദേശം ഇരുപതു നൂറ്റാണ്ടുകൾക്ക് മുമ്പ് സുവിശേഷവെളിച്ചം കടന്നുവന്നു. ദക്ഷിണകേരളത്തിലെ ഒരു നല്ലപങ്ക് ജനങ്ങൾക്ക് സുവിശേഷം തങ്ങളുടെ മാതൃഭാഷയിൽ കേൾക്കുവാനും സത്യദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിപ്പാനും അനേകവർഷങ്ങൾക്ക് മുമ്പ് സാധിച്ചു. അതിനാൽ കേരളത്തിലെ സുവിശേഷവിഹിത സഭാജനങ്ങളുടെമേൽ ഒരു വലിയ ഉത്തരവാദിത്തവും വെല്ലുവിളിയും വന്നുചേർന്നു എന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു.

ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലേക്ക് സുവിശേഷവെളിച്ചം കൊണ്ടു പോകേണ്ടുന്ന ദൗത്യം വിശ്വാസികളായ മലയാളികളുടെ വലിയ കടമയായിത്തീർന്നിരിക്കുന്നു. കഴിഞ്ഞ ചില പതിറ്റാണ്ടുകളിൽ ബാഹ്യകേരള മിഷൻ കുറെയൊക്കെ ചെയ്യാൻ കേരള ത്തിലെ സുവിശേഷവിഹിത സഭകൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നൂറുകണക്കിന് ഗ്രാമങ്ങളും പട്ടണങ്ങളും ഇനിയും സുവിശേഷവെളിച്ചത്തിലേക്ക് വരേണ്ടതുണ്ട്.

ഒന്നാം നൂറ്റാണ്ടിൽ യെരുശലേമിൽ പരിശുദ്ധാത്മപകർച്ചയും പൂർണസുവിശേഷസത്യങ്ങളും വെളിപ്പെട്ടതിനെത്തുടർന്ന് അന്ന് അറിയപ്പെട്ടിരുന്ന ഭൂവിഭാഗങ്ങളിലേക്ക് സുവിശേഷസന്ദേശം വഹിച്ചുകൊണ്ട് കടന്നുപോകുവാൻ അനേക ക്രിസ്തുശിഷ്യർക്ക് കഴിഞ്ഞു. അപ്പൊസ്തലന്മാർ നേതൃത്വം കൊടുത്ത സുവിശേഷീകരണയജ്ഞത്തിൽ ഞാൻ ജാതികളിലേക്ക് തിരിയുന്നു എന്ന് ഉച്ചൈസ്തരം വിളിച്ചുപറഞ്ഞ് മുന്നോട്ടിറങ്ങിയ അപ്പൊസ്തലനായ പൗലൊസിന്റെ ദർശനവും സധൈര്യമുള്ള മിഷനറിയാത്രകളും സുവിശേഷീകരണവും മാതൃകയാക്കുവാൻ ഉപയുക്തമായതാണ്.

സ്തേഫാനോസിന്റെ പ്രസംഗത്തെത്തുടർന്ന് താൻ രക്തസാക്ഷി യാകുന്നതും ശിഷ്യന്മാരുടെ സമൂഹമെല്ലാം ചിതറിപ്പോയതും പ്രവൃത്തികൾ 7,8,9 അധ്യായങ്ങളിൽ വായിക്കുന്നു. എന്നാൽ ചിതറിപ്പോയവർ അവിടവിടെ ക്രിസ്തുശിഷ്യന്മാരായി, സുവിശേഷത്തിന്റെ ശക്തിയേറിയ സാക്ഷികളായി നിലകൊണ്ടതും നമുക്ക് മാതൃകയാണ്.

അപ്രകാരം ചിതറിപ്പോയവരിൽ അക്വിലാവും പ്രിസ്കില്ലയും ലേഖകന് ഈ വിഷയത്തോടുള്ള ബന്ധത്തിൽ പ്രചോദനം നല്കുന്നു. അപ്പൊസ്തലനായ പൗലൊസ് ഈ ദമ്പതികളുടെ സുവിശേഷയജ്ഞത്തെ പ്രശംസിക്കുന്നത് നാം പ്രവർത്തികളുടെ പുസ്തകത്തിലും റോമാലേഖനത്തിലും വായിക്കുന്നു. ഈ ദമ്പതികൾ കൂടാരപ്പണിചെയ്ത് പ്രതിദിനആവശ്യങ്ങൾ നിറവേറ്റിയിരുന്നവരെങ്കിലും സുവിശേഷീകരണത്തിൽ പ്രശംസനീയമായ പങ്കുവഹിച്ചു. റോമാലേഖനം 16-ാം അധ്യായത്തിൽ തന്റെ കൂട്ടുവേലക്കാരായ അനേകരെക്കുറിച്ചുള്ള ഓർമകൾ പൗലോസ് പങ്കുവയ്ക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ വേദഭാഗത്ത് ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്ന ഫേബയുടെയും അക്വിലാ-പ്രിസ്കില്ല ദമ്പതികളുടെയും പങ്ക് ശ്രദ്ധേയമാണ്. റോമ. 16: 2-4 നാം ശ്രദ്ധിച്ചു വായിച്ചാൽ ജാതികളുടെ സകലസഭകളും ഈ ദമ്പതികൾക്ക് വന്ദനം ചൊല്ലുന്നു എന്നെഴുതി യിരിക്കുന്നത് ഈ കൂടാരപ്പണിക്കാരുടെ സേവന ത്തെ മുക്തകണ്ഠം പ്രശംസിക്കുന്നതാണ്. പ്രഥമദൃഷ്ട്യാ സാധാരണക്കാരായ പലരെയും നന്ദിയോടെ സ്മരിക്കുന്നത് റോമർ 16-ാം അധ്യായത്തിൽ ഒരു പ്രത്യേകതയാണ്. ഇവിടെ പേരുപറഞ്ഞിരിക്കുന്ന പലരും വീട്ടിലെ സഭകൾ ഉടലെടുക്കുന്നതിന് നേതൃത്വം കൊടുത്തവരും. തങ്ങളുടെ പ്രതിദിന ആവശ്യങ്ങൾക്കായി സ്വന്തം തൊഴിലു കളിൽ ഏർപ്പെട്ടി

രുന്നവരും ആയിരുന്നു. സുവിശേഷീകര ണത്തിൽ ഒരു പങ്കാളിയാകേണ്ടതിന് ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു (1 കൊരി. 9:23) എന്ന് പൗലൊസ് എഴുതിയി രിക്കുന്നത് തങ്ങളുടെ ജീവിതത്തിൽ പകർത്തിയ വരായിരുന്നു അവർ എല്ലാവരും ആ മാനസിക അവസ്ഥയിലേക്ക് നാമും നീങ്ങുന്നു എങ്കിൽ മാത്രമേ ഭാരതസുവി ശേഷീകര ണത്തിൽ നമുക്ക് വിജയം ആർജ്ജിക്കാൻ കഴിയു കയുള്ളു.

വില്യം ക്യേറി ഭാരതസുവിശേഷീകരണത്തിന് ത്യാഗപൂർവം ഇംഗ്ലണ്ടിൽ നിന്നും കൽക്കട്ടയിലേക്ക് വരുവാൻ കാരണം ഇത്തരത്തിലുള്ള ദർശനമാണ്. ഇന്ത്യയിൽ എത്തിയപ്പോൾ, സാമ്പത്തികമായി തന്നെ സഹായിപ്പാൻ ആരെയും കാണാഞ്ഞതിനാൽ ഇൻഡിഗോ ഫാക്ടറിയിൽ ജോലിചെയ്ത് വേദപുസ്തകതർജ്ജമയ്ക്കായി ത്യാഗപൂർവം പ്രവർത്തിച്ചതും "ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു" എന്ന പൗലൊസിന്റെ ശക്തമായ ദർശനത്തിൽ നിന്നും ഉൾക്കൊണ്ട ഊർജ്ജത്താലായിരുന്നു. പല ഭാരതീയ ഭാഷ കളിലേക്ക് വേദപുസ്തകം പരിഭാഷപ്പെടുത്തുവാൻ സാധിച്ചത് ഈ ദർശനവും കാഴ്ചപ്പാടും മുഖാന്തരമാണ്.

തങ്ങളുടെ മക്കളും കുഞ്ഞുമക്കളും സുവിശേ ഷത്തിന്റെ പങ്കാളികൾ ആയിത്തീരണമെന്ന് കണ്ണുനീരോടെ അനേകം മാതാപിതാക്കൾ പ്രാർ ഥിക്കുമെങ്കിൽ ആയത് ഫലപ്രദമായിരിക്കും. ചൈനയുടെ സുവിശേഷീകരണത്തിൽ വലിയ പങ്കുവഹിച്ച ഹഡ്സൺ ടെയ്ലറിനായി മാതാപി താക്കൾ തന്റെ ജനനത്തിനു മുമ്പേ പ്രാർഥിച്ചു. തങ്ങളുടെ സന്തതിയ്ക്കായും ചൈനയ്ക്കായും ശക്തമായി അവർ പ്രാർഥിക്കുമായിരുന്നു എന്നതു ഹഡ്സൺ ടെയ്ലറിന്റെ ചരിത്രത്തിന്റെ ഭാഗമാണ്.

സൂസന്നാ വെസ്ലി എന്ന മാതാവ് തന്റെ ആൺമക്കളായ ജോൺ വെസ്ലിയും ചാൾസ് വെസ്ലിയും കർത്തൃസേവയിൽ പ്രയോജന പ്പെടേണ്ടതിന് വളരെ കണ്ണുനീർ ഒഴുക്കുകയും മക്കളെ അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സൂസന്നാ വെസ്ലിയുടെ പ്രാർഥന ദൈവം കേട്ട് തന്റെ മക്കളെ ശക്തിയായി ഉപയോഗിച്ചു എന്നത് നമ്മിൽ പലർക്കും അറിയാ വുന്ന വസ്തുതയാണ്.

അയർലണ്ടുകാരിയായ എമി കാര മൈക്കിൾ എന്ന മിഷനറി വനിതയെ ദക്ഷിണേന്ത്യയിൽ ദുര നുഭവത്തിലായിരുന്ന അനേകം പെൺകുട്ടികളെ ഡോണാവൂരിലുള്ള ആശ്രമത്തിൽ കൊണ്ടുവന്ന് അവരെ രക്ഷയിലേക്ക് നയിക്കുവാനും ബൈബിൾ പഠിപ്പിക്കുവാനും ദൈവം ഉപയോഗിച്ചു. എമിയുടെ മാതാപിതാക്കളുടെ പ്രാർഥനയും പ്രോത്സാ ഹനവു മാണ് നൂറുക ണക്കിനു പെൺ കുട്ടികളെ നരക തുല്യമായ അനുഭവ ങ്ങളിൽ നിന്നും മോചി പ്പിച്ച് ദൈവ രാജ്യത്തിന്റെ അനുഭ വസ്ഥരും യേശു വിന്റെ സാക്ഷികളുമാ യി രൂപാ ന്തരപ്പെടുത്തു വാൻ അവ ളെ സഹായിച്ചത്.

*സാമ്പത്തികമായി തന്നെ സഹായിപ്പാൻ ആരെയും കാണാഞ്ഞതിനാൽ ഇൻഡിഗോ ഫാക്ടറിയിൽ ജോലിചെയ്ത് വേദപുസ്തകതർജ്ജമയ്ക്കായി ത്യാഗപൂർവം പ്രവർത്തിച്ചതും "ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു" എന്ന പൗലൊസിന്റെ ശക്തമായ ദർശനത്തിൽ നിന്നും ഉൾക്കൊണ്ട ഊർജ്ജത്താലായിരുന്നു.*

ദക്ഷിണേന്ത്യക്കാരായ നമ്മുടെ മക്കളും കുഞ്ഞു മക്കളും സുവിശേഷ യത്നത്തിൽ പങ്കാളിക ളാകുവാൻ നാം സ്ഥിര മായി കണ്ണു നീരോടെ പ്രാർഥിക്കുന്നവരും പ്രോത്സാഹിപ്പിക്കുന്ന വരും ആകുന്നു എങ്കിൽ അത് വളരെ ഫലപ്രദമായിരിക്കും. ഈ ലേഖ കന്റെ പിതാവും മാതാ വും (പരേതരായ പാസ്റ്റർ പി.എം.ഫിലിപ്പും -സാറാമ്മ ഫിലിപ്പും) കുടുംബപ്രാർഥനയിൽ പ്രാർഥിക്കുമായിരുന്ന ഒരു വാചകം "കർത്താവേ, ഞങ്ങളുടെ മക്കൾ ലോക പ്രകാരം വലിയവർ ആകണ മെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, അവരെ അങ്ങയുടെ രാജ്യത്തി നുവേണ്ടി അധ്വാനിക്കുവാനും പ്രവർത്തിപ്പാനും സഹായിക്കണമേ" എന്നായിരുന്നു. ആ പ്രാർഥന യ്ക്ക് ദൈവം "ആകട്ടെ" (യെസ്) എന്ന് ഉത്തരം നല് കി എന്ന് ഇവിടെ എഴുതുന്നതിൽ സന്തോഷമുണ്ട്.

പ്രിയ വായനക്കാരേ, നമ്മുടെ മക്കളെയും കുഞ്ഞുമക്കളെയും നമ്മെയുംകുറിച്ച് മേല്പറഞ്ഞ രീതിയിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ അവരിൽ പലരും ഭാരതസുവിശേഷീകരണത്തിന്റെ ഭാഗമായി ത്തീരുവാൻ കർത്താവ് നിശ്ചയമായും സഹായിക്കും. തദ്ദേശീയരായ ക്രിസ്തു ശിഷ്യന്മാർ "കൂടാരപ്പ ണിക്കാരായ" (Tentmaker evangelists) അക്വിലാ വിനെയും പ്രിസ്കില്ലയെയും പോലെ പ്രയത്നി പ്പാനും ദൈവം വാതിലുകൾ തുറക്കട്ടെ .

എല്ലാറ്റിലുമുപരി നമ്മുടെ രാജ്യത്ത് ഒരു വലിയ പരിശുദ്ധാത്മപകർച്ച ഉണ്ടാകുവാൻ നാം പ്രാർഥിക്കുന്നതോടൊപ്പം അനേകം യുവസഹോദര

ശേഷം പേജ് 23 ▶

ങ്ങൾ മിഷനറിദർശനത്തോടെ മുന്നോട്ടിറങ്ങുവാൻ പ്രോത്സാഹിപ്പിക്കയും ചെയ്യാം.

നമ്മുടെ മക്കൾ ഡോക്ടർ, എൻജിനീയർ, നേഴ്സ് തുടങ്ങിയ തൊഴിലുകൾ തെരഞ്ഞെടുക്കുമ്പോൾ തന്നെ സുവിശേഷം കടന്നുചെന്നിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് ക്രിസ്തുശിഷ്യരായും മിഷനറിമാരായും കടന്നുപോകുവാൻ സാധിക്കുന്നു എങ്കിൽ ആയത് എത്ര മനോഹരമായിരിക്കും. ആയതിന് ഉപകരിക്കുന്ന രീതിയിൽ നേതൃത്വപരിശീലനത്തിനും സുവിശേഷീകരണത്തിനും നമ്മുടെ സണ്ടേസ്കൂളുകളും യുവജനപ്രവർത്തനങ്ങളും സഭകളും പ്രയോജകീഭവിക്കട്ടെ.

ഈ ലേഖനം അവസാനിപ്പിക്കുമ്പോൾ ലേഖകന്റെ ഓർമയിൽ വന്ന ഒരു പഴയപാട്ടിന്റെ ചരണങ്ങൾ താഴെ കുറിക്കുന്നു:

"നിനക്കുവേണ്ടി ഞാൻ ധരയിലെന്തുവേണമോ
എനിക്കു വേറില്ലാശയൊന്നെന്റേശുമാത്രമേ
എവിടെപ്പോയി ഞാൻ അവനായ് ജീവൻ വയ്ക്കണം
അവിടെത്തന്നെ പോകാനെനിക്ക് മനസ്സു നല്കണെ...."

നിങ്ങളുടെ പ്രതികരണങ്ങൾക്കായി എന്റെ വിലാസവും ഫോൺ നമ്പറും താഴെ കുറിക്കുന്നു.

ഡോ. മാത്യു ഫിന്നി, ശാലോം ബൈബിൾ കോളജ്, വടവാതൂർ പി.ഒ., കോട്ടയം-10
ഫോൺ: 0481-2578445, 9847525784